**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3943** **03-03-2023 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് നയത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2019-ൽ രൂപീകരിച്ച പാലിയേറ്റീവ് നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കുമോ; | (എ) | 2019-ൽ രൂപീകരിച്ച പാലിയേറ്റീവ് പരിചരണ നയം “അരികെ” പ്രകാരം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>* പുതുക്കിയ പാലിയേറ്റീവ് നയ രേഖക്കനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി.<br><br>* ആക്ഷൻ പ്ലാൻ അനുസരിച്ച് “അരികെ” എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.<br><br>* കേരളത്തിൽ നടന്നു വരുന്ന 12 പാലിയേറ്റീവ് പരിശീലനങ്ങൾക്ക് ഏകീകൃത സിലബസ് തയ്യാറാക്കി.<br><br>* പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് മികച്ച പരിശീലനം നൽകുന്നതിന് ജില്ലാ തലത്തിൽ പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി വരുന്നു.<br><br>* കിടപ്പിലായവരുടെയും പരസഹായം ആവശ്യമുള്ളവരുടെയും കൃത്യമായ കണക്ക് ലഭിക്കുന്ന രീതിയിലുള്ള സർവ്വേ ശൈലി ആപ്ലിക്കേഷന്റെ ഭാഗമായി 140 പഞ്ചായത്തുകളിൽ നടന്നു വരുന്നു.<br><br>* തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും നിലവിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. നാന്നൂറിലധികം സന്നദ്ധ സംഘടനകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾക്ക് ഏകീകൃത സ്വഭാവം വരാനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.<br><br>* രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് നിലവിലെ സംവിധാനങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് പാലിയേറ്റീവ് കെയർ ഗ്രിഡ് സംവിധാനം ഒരുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | * പാലിയേറ്റീവ് കെയർ രോഗികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗിനും വിപണനത്തിനും ഉള്ള സൗകര്യം ഒരുക്കി വരുന്നു.<br><br>* മെഡിക്കൽ കോളേജുകൾ 'ആയുഷ്'' വിഭാഗം എന്നിവരുടെ നേതൃത്വത്തിലുള്ള പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖ തയ്യാറാക്കി അതിന്മേലുള്ള ചർച്ചകൾ പുരോഗമിക്കുന്നു.<br><br>* സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ ''ഹൈപവർ'' കമ്മിറ്റി രൂപീകരിക്കുകയും, കമ്മിറ്റിയുടെ ആദ്യയോഗം ചേരുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരമുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാന തലത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടന്നു വരുന്നു. |
| (ബി) | പാലിയേറ്റീവ് സെന്ററുകൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | സാന്ത്വന പരിചരണ രംഗത്ത് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷനു കീഴിൽ നാഷണൽ പ്രോഗ്രാം ഫോർ പാലിയേറ്റീവ് കെയറിലൂടെ 2022-23 വർഷത്തെ ബഡ്ജറ്റിൽ 314.69 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 വർഷത്തേക്ക് 220 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന് ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള പാലിയേറ്റീവ് പരിചരണ യൂണിറ്റുകളെ പാലിയേറ്റീവ് മെഡിസിൻ വിഭാഗമായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. 10 മെഡിക്കൽ കോളേജുകൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ച് സ്വതന്ത്ര ചുമതലയുള്ള പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ